കായികാദ്ധ്യാപന ബിരുദധാരികളുടെ തൊഴിലില്ലായ്മ ഒഴിവാക്കാൻ നടപടി

205 (3395) ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എഡ്. (ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ) എം.പി.എഡ്. (മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ) ബിരുദധാരികളെ കായികാദ്ധ്യാപകരായി നിയമിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ & ബി) കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച എം.പി.എഡ്. / ബി. പി. എഡ്. ബിരുദധാരികൾക്ക് എയിഡഡ് സ്കൂളുകളിൽ 1999-2000 വരെ കായികദ്ധ്യാപകരായി നിയമനം ലഭച്ചിട്ടുണ്ടെങ്കിൽ ആ നിയമനം അംഗീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചെങ്ങന്നൂരിൽ സ്റ്റേഡിയം നിർമ്മാണം

206 (3396) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂരിൽ ഒരു സ്റ്റേഡിയം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പെരുംകുളം പാടത്ത് നഗരസഭയും ജനകീയ സമിതിയും ചേർന്ന് സ്റ്റേഡിയത്തിന്റെ നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞ പത്തു വർഷക്കാലമായി നിർമ്മാണം തുടരുന്ന സ്റ്റേഡിയത്തിന് സ്പോർട്സ് വകുപ്പിൽ നിന്ന് സഹായം ലഭ്യമാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly